ശ്രീ. കെ.സി. ജോസഫ് : അങ്ങനെയാണെങ്കിൽ അങ്ങ് പറഞ്ഞതുപോലെകൊണ്ടുവരാൻ ഗവൺമെന്റിൽ താമസം നേരിടും. ഇതുതന്നെ 1996-ലെ ബില്ലാണ്; നാലുകൊല്ലം കഴിഞ്ഞു. ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട ടീച്ചറുടെ ഭേദഗതി പൂർണ്ണമായി അംഗീകരിക്കുവാൻ കഴിയുകയില്ല.

ശ്രീ. കെ.സി. ജോസഫ് : ആ ഭാഗം നമുക്ക് കട്ട് ചെയ്യാം. ബഹുമാനപ്പെട്ട ടീച്ചർ ആവശ്യപ്പെട്ടത് അവതരണാനുമതിയാണ്. ഇനി ധാരാളം സമയം ഉണ്ട്. അതുകൊണ്ട് നമുക്ക് ഒരു പുതിയ കീഴ്വഴക്കം ഉണ്ടാക്കി അനുമതി കൊടുത്താൽ അത് നല്ലതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എല്ലാവരുടേയും വികാരത്തോട് പൂർണ്ണമായി ഞാൻ യോജിക്കുന്നു. എല്ലാ ഭാഗത്തുനിന്നും പറഞ്ഞതിന്റെ അർത്ഥം വളരെ വേഗതയിൽ ഇത് പാസ്സാക്കണമെന്നുള്ളതാണ്. വളരെ വേഗതയിൽതന്നെ ഗവൺമെന്റ് ഒരു ബിൽ കൊണ്ടുവന്ന് പാസ്സാക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. അതുകൊണ്ട് ഇതിന് എന്തെങ്കിലും ഭേദഗതി വേണോ എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ നോക്കുക. ഗവൺമെന്റ് ഒരു ബിൽ അപ്രൂവ് ചെയ്യുമ്പോൾ, അവതരിപ്പിക്കുമ്പോൾ ലാ ഡിപ്പാർട്ട്മെന്റ് അത് നോക്കുകയും അതിന്റെ നടപടികൾ പൂർത്തിയാക്കുകയും ചെയ്യണമെന്നുള്ളതുകൊണ്ട് അതിനുള്ള കാലതാമസം മാത്രമേ വരികയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പ്രസ്സ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ആത്മാർത്ഥമായി ഇത്തരം ഒരു ബിൽ തയ്യാറാക്കാൻ കഴിയുമെങ്കിൽ ഈ സെഷനിൽ തന്നെ കൊണ്ടുവരണം. അതിനുള്ള സമയം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടില്ല. ഈ സെഷനിൽതന്നെ സർക്കാരിന്റെ തീരുമാനത്തോടുകൂടി ഇതു പാസ്സാക്കിയെടുക്കാൻ കഴിയുമെങ്കിൽ അത് ഏറ്റവും നല്ലൊരു മാതൃകയായിരിക്കും. നിയമസഭയ്ക്കുതന്നെ എക്കാലവും ഉയർത്തിക്കാണിക്കാൻകഴിയുന്ന ഏറ്റവും നല്ല ഏക്സാംപിളായി ഇത് മാറുമെന്നാണ് പറയാനുള്ളത്. ഇത്തരത്തിൽ ഒരു ബില്ല് ഗവൺമെന്റ് കൊണ്ടുവന്നാൽ സ്വകാര്യ ബില്ലുകൾക്ക് ഒരർത്ഥമുണ്ടാകും.

പ്രൊഫ. മീനാക്ഷി തമ്പാൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. മീനാക്ഷി തമ്പാൻ : കഴിയുന്നതും വേഗം ഗവൺമെന്റ് ഇത്തരം ഒരു ബിൽ സഭയിൽ കൊണ്ടുവരുമെന്ന മന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ എന്റെ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രൊഫ. മീനാക്ഷി തമ്പാൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

തുടർ നടപടികൾ മുന്നോട്ടുപോകുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് സഭയിൽ നിലനിൽക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രത്യേക നന്ദി. ടീച്ചർക്കും നന്ദി.

(2) 1998-ലെ കേരള പുരാണ പാരായണ ശാസ്ത്രീയ ലഭിത കലാകാര ക്ഷേമനിധി ബിൽ

(ശ്രീ. ടി.എം. ജേക്കബ് നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : സർ, ഈ ബില്ലിന്റെ പേര് വായിക്കാൻ ബുദ്ധിമുട്ടാണ്. മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ് എന്നൊക്കെ ചില ആളുകൾ പറഞ്ഞു. ഇതെന്താണെന്നു മനസ്സിലാക്കിയാൽ ഇത് അംഗീകരിക്കപ്പെടേണ്ടതാണ്; അല്ലെങ്കിൽ അതിനനുബന്ധമായി എന്തെങ്കിലും ചെയ്യേണ്ടതാണ് എന്ന നിഗമനത്തിൽ എത്തിച്ചേരുമെന്നാണ് എനിക്കു തോന്നുന്നത്. 1998-ൽ കൊണ്ടുവന്ന ഒരു ബില്ലാണിത്. രണ്ടു വർഷം കഴിഞ്ഞു. രണ്ടു വർഷം കഴിഞ്ഞ ശേഷമാണ് ബിൽ ഇവിടെ പരിഗണനയ്ക്കുവരുന്നത്. ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണനാണ് ഇപ്പോൾ സാംസ്കാരിക വകുപ്പുമന്ത്രി. അദ്ദേഹം ഇതിന്റെ ചുമതലയേൽക്കുന്നതിന് തൊട്ടുമുൻപ് ഞാൻ ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അവസരത്തിൽ എന്റെയടുത്ത് ഈ വിഷയം വളരെ വൈകിയാണ് വന്നത്. 1995-ൽ ഈ കലാകാരൻമാരുടെ ഒരു പ്രകടനവും മറ്റ് സമരപരിപാടികളും നടന്നു. അതിനുശേഷം അതിന്റെ പ്രതിനിധികളുമായി സംസാരിച്ച ശേഷം അവരുടെ ഒരു പരിപാടിയിൽ ഞാൻ പങ്കെടുത്തത് 1995 അവസാനത്തോടുകൂടിയാണ്. അതിനു ശേഷം ക്ഷേത്രകലകളായ സംഗീതം, കഥകളി, ഓട്ടൻതുള്ളൽ, നാദസ്വരം തുടങ്ങിയ ക്ലാസിക്കൽ കലകളിൽ പുരാണപാരായണവും കൂടി ഉൾപ്പെടുത്തിക്കൊണ്ട് 1995-ൽ ഒരു ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. അത്രയും കാര്യങ്ങൾ മാത്രമേ എനിക്ക് അന്ന് ചെയ്യാൻകഴിഞ്ഞുള്ളൂ. അതുകഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ ഗവൺമെന്റ് മാറി. പിന്നീട് ഇപ്പോഴത്തെ ഗവൺമെന്റ് അധികാരത്തിൽ വരികയും ശ്രീ. ടി. കെ. രാമകൃഷ്ണൻ അതിന്റെ ചുമതലയേൽക്കുകയും ചെയ്തു. 1996-ൽ ഇവരുടെ ഒരു പരിപാടിയിൽ ഞാനും ശ്രീ. ടി.കെ. രാമകൃഷ്ണനും ഒരുമിച്ച് പങ്കെടുത്തു. ഇവർക്കുവേണ്ടി എന്തെല്ലാം ചെയ്തിട്ടുണ്ടെന്ന് ശ്രീ. ടി.കെ. രാമകൃഷ്ണനുതന്നെ അറിയാം. അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ശരിയാണെന്ന് അദ്ദേഹവും ഒരു യോഗത്തിൽ പരസ്യമായി സമ്മതിച്ചു. ഈ ബില്ലിന്റെ ചർച്ച ഇന്ന് അവസാനിപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം. ഇനി ഇത് നീട്ടിക്കൊണ്ടുപോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇങ്ങനെയൊരു ബിൽ കൊണ്ടുവരാനുണ്ടായ കാരണം എന്താണെന്ന് പറയാം. ഭാരതീയ സംസ്കാരത്തിന്റെ ഉറവിടമായ പുരാണഗ്രന്ഥങ്ങൾ ശാസ്ത്രീയമായി പാരായണം ചെയ്യുന്ന കലാകാരൻമാരും പ്രഭാഷകൻമാരും നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ കലയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന 25,000-ത്തോളം ആളുകൾ ഉണ്ടെന്നാണ് ഏകദേശ കണക്ക്. ചിലപ്പോൾ ഇതിൽനിന്നും കുറച്ച് കൂടുതലായിരിക്കും, ചിലപ്പോൾ കുറവായിരിക്കും. എനിക്ക് കിട്ടിയ വിവരമനുസരിച്ച് 25,000-ത്തോളം ആളുകൾ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. ഇവർ സമൂഹത്തിൽ തികച്ചും അവശതയനുഭവിക്കുന്ന ഒരു വിഭാഗമാണ്. ഇതിനെപ്പറ്റി വിസ്തരിച്ച് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രിയെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കാലാകാലങ്ങളിൽ ഉണ്ടാകുന്ന സമൂഹത്തിന്റെ മാറ്റങ്ങൾ എല്ലാ വിഭാഗം ജനങ്ങളേയും തഴുകിക്കടന്നുപോകുന്ന സമയത്ത് പുരാണപാരായണ കലാകാരൻമാർ ഒറ്റപ്പെട്ടുപോകുന്ന വസ്തുത നമ്മൾ മനസ്സിലാക്കണം. ഇതിനൊരു മാറ്റമുണ്ടാകേണ്ടത് ആവശ്യമാണ്. മലബാർ പ്രദേശത്ത് ഈ കല പ്രചാരത്തിലില്ല. പ്രധാനമായിട്ടും ഈ കലയുമായി ബന്ധപ്പെട്ട് കൂടുതൽ ആളുകളും ഉള്ളത് കൊല്ലം ജില്ലയിലാണ്. പത്തനംതിട്ട, ആലപ്പുഴ, തിരുവനന്തപുരം, കോട്ടയം ജില്ലകളിലും ഇടുക്കി ജില്ലയുടെ കുറേ ഭാഗങ്ങളിലും ഈ കലാകാരൻമാരുണ്ട്. പഴയ മലബാർ പ്രദേശത്ത് ഈ കലയുമായി ബന്ധപ്പെട്ടു. ആളുകൾ വളരെ കുറവാണ്. ഇപ്പോഴും മദ്ധ്യതിരുവിതാംകൂർ ഭാഗത്തുള്ള ക്ഷേത്രങ്ങളിൽ ശ്രീമഹാഭാഗവതം ഏഴുദിവസം വരെ പാരായണം

ചെയ്യുന്ന ചടങ്ങ് നടക്കുന്നുണ്ട്. ദേവീഭാഗവതം ഒൻപതു ദിവസം വരെ പാരായണം ചെയ്യുന്നുണ്ട്. രാമായണം പാരായണം ചെയ്യുന്ന ആളുകളുമുണ്ട്. ഇതൊരു അനുഷ്ഠാനമായെടുത്ത് ജീവിക്കുന്ന ആളുകളുണ്ട്. അനുഷ്ഠാനത്തോടൊപ്പം ഇതൊരു തൊഴിലായിട്ടുകൂടി കണക്കിലെടുത്തിട്ടുണ്ട്. അതുകൊണ്ടാണ് അവർ സാംസ്ക്കാരിക വകുപ്പിനെ സമീപിച്ചതും അവരുടെ പ്രശ്നങ്ങൾ കൂടി കണക്കിലെടുക്കണമെന്ന് പറഞ്ഞതും. നാടൻ കലകളെ നിലനിർത്താൻ വേണ്ടിയാണ് ഒരു ഫോക്ക്ലോർ അക്കാഡമി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ചത്. ഫോക്ക്ലോർ അക്കാഡമി രൂപീകരിക്കാനുണ്ടായ കാരണമെന്താണ്? നാടൻ കലകൾ നിലനിന്ന് പോകണമെന്നുള്ളതിനോടൊപ്പം തന്നെ നാടൻകലകളുമായി ബന്ധപ്പെട്ട്നിൽക്കുന്ന ആളുകളെ ഇതിൽ നിലനിർത്താൻകൂടി ഉദ്ദേശിച്ചുകൊണ്ടാണ് ഈ അക്കാഡമി രൂപീകരിച്ചത്. ഇതൊരു അനുഷ്ഠാനമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. 18 പുരാണങ്ങളും 18 ഉപ പുരാണങ്ങളും ഉണ്ട്. ഇതിൽ ഏറ്റവും ശ്രേഷ്ഠവും ലളിതവും ഗഹനവുമായിട്ടുള്ളത് മഹാഭാഗവതമാണ്. മഹാഭാരതം തിരുവിതാംകൂറിലെ മിക്കവാറും എല്ലാ ക്ഷേത്രങ്ങളിലും പാരായണം ചെയ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ച് തെക്കൻ ഭാഗങ്ങളിൽ ഒരാൾ മരിച്ചുകഴിഞ്ഞാൽ മൃതദേഹം ചിതയിൽ വയ്ക്കുന്നതുവരെ ഹിന്ദു ആചാരാനുഷ്ഠാനങ്ങളനുസരിച്ച് പുരാണപാരായണം നടത്തുന്നുണ്ട്. വീട്ടിലുള്ള ആളുകളല്ല സാധാരണ പാരായണം ചെയ്യുന്നത്. ഇതിനുവേണ്ടി പ്രത്യേകം നിയോഗിക്കപ്പെട്ട ആളുകളാണ് പുരാണ പാരായണം ചെയ്യുന്നത്. ഞാൻ ആദ്യം സൂചിപ്പിച്ച ജില്ലകളെ സംബന്ധിച്ച് പറയുമ്പോൾ ഇതൊരു പ്രധാനപ്പെട്ട സംഗതി തന്നെയാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, ചരിത്രാതീതകാലം മുതൽ ഒരു ദേശത്ത് നിലനിന്നിരുന്ന ആചാരങ്ങളുടെ പാരമ്പര്യമായ പരിഷ്കൃത സമ്പ്രദായമാണ് നാം അനുവർത്തിച്ചുപോരുന്ന അനുഷ്ഠാനാചാരങ്ങൾ. ഭാരതത്തിന്റെ പൗരാണിക സംസ്ക്കാരം വിളിച്ചോതുന്ന ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്ന രീതി മതപരമായൊരു വീക്ഷണമല്ല. മാറ്റങ്ങൾ കടന്നുവരുന്നതിനു മുൻപുതന്നെ ഭാരതത്തിൽ ഇതുമായി ബന്ധപ്പെട്ട ചില ആചാരങ്ങൾ ഉണ്ടായിരുന്നു. പുരാണങ്ങളും പാരായണ സമ്പ്രദായങ്ങളും മതപരമായ ആചാരമായി നിലനിർത്തിയിരുന്നുവെങ്കിൽ മറ്റ് മതങ്ങളിൽപ്പെട്ട ആർക്കും ഭാരതത്തിന്റേയോ കേരളത്തിന്റേയോ കലകളുമായി ഒരു ബന്ധവുമുണ്ടാകുമായിരുന്നില്ല. ചില ആളുകൾ ഇങ്ങനെ വിഭാഗീയമായി പറയുന്നുണ്ട്. അത് ശരിയല്ല. നമ്മുടെ ഗാനഗന്ധർവ്വനായ യേശുദാസിനെ സംബന്ധിച്ച് പറയുമ്പോൾ അദ്ദേഹം ലോകപ്രശസ്തനാണ്. കലാമണ്ഡലത്തിൽനിന്നും പുറത്തുവന്ന കലാമണ്ഡലം ഹൈദരാലി എത്രയോ പ്രശസ്തനാണ്. എത്രയോ വിദേശ രാജ്യങ്ങളിൽ കേരളത്തിന്റെ തനതായ കല അദ്ദേഹത്തിന് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷേത്രകലകളായിട്ടുള്ള സംഗീതം, കഥകളി, ഓട്ടൻതുള്ളൽ, നാദസ്വരം തുടങ്ങിയവ എവിടെയെങ്കിലും ഒരു ഭാഗത്ത് ഒരു ഒതുക്കിനിർത്തിക്കൊണ്ടുപോകുന്ന നടപടി സ്വീകരിക്കുന്നത് ശരിയല്ല. അതുമായി ബന്ധപ്പെട്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിനെക്കുറിച്ച് ഞാൻ ആലോചിച്ചപ്പോൾ ഇതൊരു നിയമമായിട്ടു വേണോ .....

<u>ശ്രീ. ടി.കെ. ബാലൻ</u> : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാട്ടിയതുപോലെ മലബാർ ഭാഗത്തൊക്കെ രാമായണവും ഭാഗവതവും കൃഷ്ണപ്പാട്ടുമൊക്കെ പാടുന്നത് (ഞങ്ങളുടെ വീടുകളിൽ) അമ്മുമ്മമാരാണ്. അവർക്കൊന്നും ഇതൊരു തൊഴിലെന്ന രൂപത്തിൽ ഉൾപ്പെടുത്തി പെൻഷൻ കൊടുക്കാൻ പറ്റില്ല. പക്ഷേ ഒരു പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. മലബാ

LIBRARY ARCHIVES Kerala Legislative Assembly

രിലൊക്കെ തെയ്യം, തിറ എന്നിവയ്ക്ക് തോറ്റം ചൊല്ലിക്കൊടുക്കുന്ന ആളുക ളുണ്ട്. തോറ്റം ചൊല്ലിക്കൊടുക്കുന്ന ആളുകൾക്ക് ആതൊരു തൊഴിലാണ്. അങ്ങനെയുള്ള ആളുകളെക്കൂടി പാരായണകലയുടെ ഭാഗമായുള്ള കലാകാ രൻമാരായി ഉൾപ്പെടുത്തിക്കൂടേ?

ശ്രീ. ടി.എം. ജേക്കബ് : അതുണ്ട്. തെയ്യത്തിനെക്കുറിച്ചും തോറ്റം പാട്ടി നെക്കുറിച്ചും ഇതിൽ പറയുന്നുണ്ട്. അത് ശരിയാണ്. കേരളത്തെ സംബന്ധിച്ച് വ്യത്യസ്തമായിട്ടുള്ള പല ആചാരങ്ങളും നിലനിൽക്കുന്നുണ്ട് എന്നുള്ള കാര്യം നമുക്കറിയാം. ഇപ്പോൾ നാടൻ കലകളെ സംബന്ധിച്ച് പറയുകയുണ്ടാ യി. പത്തനംതിട്ട, അടൂർ പ്രദേശങ്ങളിൽ ഇത്തരത്തിൽ തനതായ ചില നാടൻ കലകൾ ഉണ്ടെന്ന് ഞാൻ ഈ വകുപ്പിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തശേഷ മാണ് മനസ്സിലാക്കിയത്.

[12 Noon] *(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്ഹാക്ക് കുരിക്കൾ)*

ശ്രീ. പാലോട് രവി : സർ, കർക്കടക മാസത്തിൽ ഓൾ ഇന്ത്യാ റേഡിയോ ഉൾപ്പെടെ ഒരു നിശ്ചിത സമയം മൽസരം പോലെ പുരാണ പാരാ യണം സംഘടിപ്പിച്ചിട്ടുണ്ട്. കാവാലം ശ്രീകുമാർ അടക്കമുള്ള ആളുകളെക്കൊണ്ട് രാമായണ പാരായണം കർക്കടക മാസത്തിൽ അവർ നടത്തിക്കാറുണ്ട്. നമ്മുടെ സഭയിൽത്തന്നെ പുരാണ പാരായണ വിദഗ്ദ്ധനായ ശ്രീ. കെ. നാരായണക്കു റുപ്പുണ്ട്. അദ്ദേഹത്തിന്റെ സ്വാധീനം ഈ ബില്ലിൽ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. നാരായണക്കുറുപ്പിന് പുരാണ പാരായണം അറിയാമെന്ന് പറഞ്ഞു. കൊടുങ്ങല്ലൂർ അമ്പലത്തിലെ തോറ്റം പാട്ടാണ് അദ്ദേഹത്തിന് അറിയാവുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട കെ. നാരായണക്കുറു പ്പിന് ഏതൊക്കെ കലകളിലാണ് ചാതുര്യമുള്ളതെന്ന് നന്നായിട്ട് എനിക്ക റിയാം. വളരെ ചെറുപ്പം മുതലേ ഞങ്ങൾ തമ്മിൽ പരിചയക്കാരാണ്.

മി. ചെയർമാൻ ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : അങ്ങേയ്ക്ക് ഏതെല്ലാം കലകളിൽ കഴിവുണ്ടെന്ന് പറയാൻ പറ്റുമോ?

ശ്രീ. ടി.എം. ജേക്കബ് : സർ, അതാണ് ഞാൻ പറഞ്ഞുവന്നത്. ഈ വിഷയം കൊണ്ടുവരാനുണ്ടായ കാരണം ആദ്യം പറഞ്ഞു. ഞാൻ പറയുന്ന ഈ കാര്യത്തോട് ഇപ്പോഴത്തെ സാംസ്കാരിക വകുപ്പുമന്ത്രി എന്നുള്ള നില യിൽ ശ്രീ. ടി.കെ. രാമകൃഷ്ണന് വിയോജിപ്പുണ്ടായില്ല. കാരണം അദ്ദേഹ ത്തിന് നന്നായിട്ടറിയാം. ഞങ്ങൾ തമ്മിൽ ഡിസ്ക്കസ് ചെയ്തിട്ടുള്ള വിഷയം തന്നെയാണിത്.

ശ്രീ. കെ. പ്രകാശ് ബാബു : സർ, ശ്രീ. കെ. നാരായണക്കുറുപ്പിന് അറി യാവുന്ന എല്ലാകലകൾക്കും നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഇതൊരു തമാശരൂപത്തിൽ കൊണ്ടുപോ കേണ്ട ആവശ്യമില്ല.

ശ്രീ. ടി. നാണു മാസ്റ്റർ : സർ, സഭയിൽ പലഭാഗത്തുനിന്നും ബഹുമാ നപ്പെട്ട മെമ്പർമാർ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. തിരുവിതാംകൂർ ഭാഗത്തും കൊല്ലം ജില്ലയിലുമൊക്കെ നൂറുകണക്കിനാളുകൾ വൃശ്ചികം ഒന്നാം തീയതി മുതൽ ഒരു പ്രൊഫഷനായിട്ടാണ് പുരാണ പാരായണത്തിൽ ഏർപ്പെട്ടിരിക്കു ന്നത്. ക്ഷേത്രങ്ങളിലും വീടുകളിലുമൊക്കെ പുരാണ പാരായണം നടത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. അതുകൊണ്ട് ഈ ചോദ്യങ്ങളെല്ലാം കേട്ട് അങ്ങ് അധീരനാകുന്നുണ്ടോ, അതോ അവർക്കുവേണ്ടി നല്ലനിലയിൽത്തന്നെ അങ്ങ് ഈ ബിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ അതിന്റെ ഗൗരവം കണക്കിലെടുത്തു തന്നെയാണ് പറയുന്നത്. ഈ മേഖലയുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് കൊല്ലം ജില്ലയിലെ ആളുകളാണ്. അവിടെ മിക്കവാറും ഹിന്ദു ഭവനങ്ങളിൽ പല ആവശ്യങ്ങൾക്കും പുരാണ പാരായണം നടത്തുന്നവരെ കൊണ്ടുവരാറുണ്ട്. ഒരു മരണം സംഭവിച്ചാൽ ബന്ധുജനങ്ങളെ വിവരം അറിയിക്കുന്നതിനുമുൻപുതന്നെ കൊല്ലം ജില്ലയിലേയും പത്തനംതിട്ട ജില്ലയിലേയും പല ഹിന്ദുകുടുംബങ്ങളിലേയും ആളുകൾ ചെയ്യുന്നത്, പുരാണ പാരായണം നടത്തുന്ന ആളുകളെ ആരെയെങ്കിലും പെട്ടെന്ന് കൊണ്ടുവന്ന് അവിടെ പുരാണ പാരായണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. അവരെ സംബന്ധിച്ച് ഇതൊരു അനുഷ്ഠാനമാണെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതോടൊപ്പം ശ്രീ. നാണുമാസ്റ്റർ പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുണ്ട്. ഇതാണ് അവരുടെ തൊഴിൽ.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, രാമായണ മാസത്തിൽ നടത്തുന്ന ഈ പുരാണ വായന ഇപ്പോൾ കാസറ്റുകളായിട്ടാണ് അമ്പലങ്ങളിൽ കേൾപ്പിക്കുന്നത്. അതിന്റെ ഫലമായി ഈ വായനക്കാരുടെ തൊഴിൽ നഷ്ടപ്പെടുന്ന വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഇങ്ങനെയൊക്കെ ചില പ്രശ്നങ്ങൽ ഉണ്ടായിട്ടുണ്ട്. ഞാൻ ഈ ബിൽ കൊണ്ടുവരാനുള്ള കാരണം, ചില പ്രദേശങ്ങളിൽ അന്വേഷിച്ചാലറിയാം പുരാണ പാരായണം നടത്തുന്നവർ ജോലിക്കും പോകുന്നില്ല. രാമായണ മാസക്കാലം മലബാർ ഭാഗത്ത് മുത്തശ്ശിമാരും വീടുകളിലുള്ളവരുമാണ് രാമായണം വായിക്കുക. ഇവിടങ്ങളിലൊക്കെ പല കുടുംബങ്ങളിലും അങ്ങനെ ചെയ്യുന്നവർ ധാരാളമുണ്ട്. അതോടൊപ്പം തന്നെ ഇതിൽ പ്രൊഫഷണലായിട്ടുള്ളവരെ കൊണ്ടുവന്നും ചെയ്യിക്കുന്നുണ്ട്. അമ്പലങ്ങളിലും കുടുംബങ്ങളിലും അങ്ങനെ ചെയ്യിക്കുന്നുണ്ട്. അവർ ഇത് എന്നോട് ഇക്കാര്യത്തെക്കുറിച്ച് വളരെ വിശദമായി ചർച്ച നടത്തുകയും ഞാൻതന്നെ ഔദ്യോഗികമായി ചില ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ശ്രീ. ടി.കെ. രാമകൃഷ്ണനും ചർച്ച നടത്തിയിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഞാൻ ഈ ബിൽ വേണമെന്ന് പറയുന്നത്. അന്ന് ഞാൻ അവരോട് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷേ എനിക്ക് ഗസറ്റ് വിജ്ഞാപനം വഴി അവർക്കൊരു ആനുകൂല്യം കൊടുക്കാനും, ലളിതകലാ അക്കാഡമിയിൽ ഇതൊരു കലയായി അംഗീകരിച്ചുകൊണ്ട് അവിടെനിന്നും പെൻഷൻ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാനും ചെറിയൊരു സ്റ്റെപ് എടുക്കാനും കഴിഞ്ഞതല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഇത് കുറച്ചുകൂടി വിപുലീകരിക്കാനുള്ള നടപടികളുമായി തുടർന്നു പോകണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നത്.

ശ്രീ. പി. വിശ്വൻ : സർ, രാമായണ മാസത്തിൽ പുതുതായി ചെറുപ്പക്കാരെ ഇതിലേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെങ്കിലും കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ മുന്നിലുണ്ടോ? ഇതിന് കണ്ടിന്യൂവേഷനുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഇവിടെ എല്ലാ പ്രദേശങ്ങളിലും ഇപ്പോഴില്ല. ഇതുമായി ബന്ധപ്പെട്ടുനിൽക്കുന്ന പല പ്രദേശങ്ങളിലെ വീടുകളിലും

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെ പഠിപ്പിക്കാൻ അയയ്ക്കുന്നതോടൊപ്പം തന്നെ അവർ പഠിച്ചിട്ടുള്ള, പ്രൊഫഷണലായി അഭ്യസിച്ചിട്ടുള്ള ഈ കല ചെറുപ്പക്കാരേയും കുട്ടികളേയുമൊക്കെ പഠിപ്പിക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ഞാനിത് ഇവിടെ ഡിസ്ക്കസ് ചെയ്യുന്നതിനുമുൻപ് ശ്രീ. ടി.കെ. രാമകൃഷ്ണനുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് നമ്മുടെ ഏതെങ്കിലും അക്കാഡമിയുമായി ബന്ധപ്പെടുത്തി ഇത് ചെയ്യാമെന്ന കാര്യത്തെക്കുറിച്ചാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത് എന്നാണ്. അതുകൊണ്ടുമാത്രം ഇത് അവസാനിപ്പിക്കാമെന്ന് എനിക്ക് തോന്നുന്നില്ല. നമ്മുടെ സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട ഒരു പ്രധാന വിഷയമെന്നുള്ള നിലയിൽ ഇതിനെ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ബില്ലിനെ സംബന്ധിച്ച് രണ്ടുമൂന്ന് പോയിന്റുകൾ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഞാൻ ഇതിന്റെ നിർവചനത്തിൽ പറഞ്ഞിരിക്കുന്നത് പുരാണ പാരായണ ശാസ്ത്രീയ ലളിത കലാകാരൻമാർ എന്നാൽ ദേവസ്വം, സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങൾ, ഭവനങ്ങൾ, ക്ഷണിക്കപ്പെടുന്ന വേദികൾ തുടങ്ങിയ ഇടങ്ങളിൽ പുരാണപാരായണം, ആദ്ധ്യാത്മിക പ്രഭാഷണം, കഥകളി, സംഗീതം, ഓട്ടൻ തുള്ളൽ, ചാക്യാർകൂത്ത്, പാഠകം, തോറ്റം പാട്ട്, ഹരികഥ, അയ്യപ്പൻതിയ്യാട്ട്. തെയ്യം, നൃത്തം തുടങ്ങിയ എല്ലാ പൗരാണിക കലകളും അവതരിപ്പിക്കുന്ന ഏതൊരു കലാകാരനും എന്നർത്ഥമാകുന്നു എന്നാണ്. folklore academy ഒരു എക്സിക്യൂട്ടീവ് ഓർഡർവഴിയുണ്ടായ അക്കാഡമിയാണ്. നമ്മുടെ അക്കാഡമികളുടെയെല്ലാം സ്വഭാവം അതു തന്നെയാണ്. എന്റെ അഭിപ്രായത്തിൽ പൊതുവായ ഒരഭിപ്രായം നമുക്ക് ആലോചിക്കാവുന്നതാണ്. അക്കാഡമികൾക്ക് പൊതുവായ ഒരു സ്റ്റാറ്റ്യൂട്ടറി സ്വഭാവം കൊടുക്കുന്നത് നല്ലതാണ്. അതിന് എന്തുവേണമെന്നുള്ളത് നമുക്ക് വേറെ ആലോചിക്കാം. പുരാണ പാരായണം ഒരു അനുഷ്ഠാനമാണെന്ന് ഞാൻ ആദ്യം പറഞ്ഞല്ലോ. ഇതൊരു ജീവിതമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന കലാകാരൻമാരുടെ കുടുംബത്തെയാണ് ഇതിൽ കുടംബമായിട്ടെടുക്കുന്നത്. ഈ കുടുംബത്തിൽ ഭർത്താവ്, ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടും. പ്രായപൂർത്തിയായവർ മറ്റെന്തെങ്കിലും തൊഴിലുമായി ബന്ധപ്പെട്ട് പോകുന്നുണ്ട്. അല്ലെങ്കിൽ അവർ സ്വന്തമായി മാറുന്നുണ്ട്. ഇതാണ് എനിക്ക് ഡെഫനിഷൻ ക്ലാസിനെ സംബന്ധിച്ച് പറയാനുള്ളത്. മറ്റ് കാര്യങ്ങൾ സമയക്കുറവ് കൊണ്ട് പറയുന്നില്ല. മറ്റൊന്ന് ഇതിൽ എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് ഒരു കാര്യം പറഞ്ഞിരിക്കുന്നു. സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ക്ലാസിക്കൽ കലാകാരൻമാരുടേയും ലളിത കലാകാരൻമാരുടേയും അനുബന്ധ പൗരാണിക കലാകാരൻമാരുടേയും അവരുടെ കുടുംബത്തിന്റെയും ക്ഷേമത്തിനായി ഈ ആക്ടിലെ വകുപ്പുകൾ പ്രകാരം ഒരു നിധി രൂപീകരിക്കുന്നതിനായി കേരള പുരാണ പാരായണ ശാസ്ത്രീയ ലളിതകലാ ക്ഷേമനിധി എന്നപേരിൽ ഒരു പദ്ധതി ഉണ്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആ നിധിയുടെ വരവ് ചെലവു കണക്കുകളെ സംബന്ധിച്ചാണ് പിന്നീടുള്ള ഭാഗത്ത് പറയുന്നത്. അത് ഞാൻ വായിക്കുന്നില്ല. കലാകാര ക്ഷേമനിധിയിലേയ്ക്കു നൽകേണ്ട അംശദായത്തെ സംബന്ധിച്ച് ഒരു കാര്യം പറയാം. കലാകാരൻമാരുടേതായിട്ടുള്ള ഒരു സമിതിയുണ്ട്. അവർ എന്നോട് ചില കാര്യങ്ങൾ പറഞ്ഞു. ഇതിലേയ്ക്ക് കാര്യമായി ഒരു തുക അംഗങ്ങളിൽനിന്ന് അംശദായമായി നൽകാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. അവർ പറഞ്ഞ ആ കാര്യങ്ങൾ ഗവൺമെന്റിന്റെ കൈയിലുണ്ട്; ഫയലുകളിൽ ഉണ്ട്. ആവർത്തിച്ചാവർത്തിച്ച് അവർ പറഞ്ഞിട്ടുണ്ട്. അവർ ഒരു സംഖ്യ പിരിച്ച്, ആ സംഖ്യ എത്രതന്നെയാകട്ടെ അതൊരു മുഖ്യ വരുമാനമാർഗ്ഗമായി എടുക്കുക. പിന്നെ അതു

LIBRARY ARCHIVES Kerala Legislative Assembly

മായി ബന്ധപ്പെട്ട് ഒരു ശതമാനം ഗവൺമെന്റ് നൽകണം. ഗവൺമെന്റ് പ്രതി വർഷം ഗ്രാന്റായി കൊടുത്താൽ ഇതിന്റെ ഒരു ഫണ്ട് രൂപീകരിക്കുവാൻ കഴി യും. മറ്റൊരുകാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത് കേന്ദ്ര ഗവൺമെന്റിൽ നിന്നും, പ്രത്യേകിച്ച് കേന്ദ്ര മാനവ വിഭവശേഷി വകുപ്പിൽ നിന്നും ഇങ്ങനെ യുള്ള കാര്യങ്ങൾക്ക് ഒരു സ്റ്റാറ്റ്യൂട്ട് ഉണ്ടെങ്കിൽ നമുക്ക് ഫണ്ട് ലഭിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കാൻ കഴിയും. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പ ത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അത് കണ്ടെത്താൻ കഴിയുന്നി ല്ലെങ്കിൽ ഒരു നിയമമുണ്ടാക്കിക്കഴിഞ്ഞാൽ ആ നിയമത്തിലേയ്ക്കു കുറേ പണം ഇന്ന പർപ്പസിനു വേണ്ടിയാണെന്നു പറയുമ്പോൾ അങ്ങനെ കിട്ടുന്ന പണം വേറെ കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണല്ലോ ചെയ്യുന്നത്. നിയമമു ള്ളപ്പോൾ അതിനുള്ളിൽ കൊണ്ടുവന്ന് ഫണ്ട് ഇതിനുവേണ്ടി രൂപീകരിച്ചാൽ കുറേ ആളുകൾക്ക് ആശ്വാസം കൊടുക്കാൻ കഴിയും. ഇതിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ വളരെ സ്പെസിഫിക്കായി ഇക്കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇതിന്റെ ധനാഗമമാർഗ്ഗങ്ങളെപ്പറ്റി ഇതിൽ കൃത്യമായി പറയുന്നുണ്ട്. മറ്റു വകു പ്പുകളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇത്തരമൊരു ബിൽ കൊണ്ടുവന്ന ശ്രീ. ജേക്കബിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യങ്ങളെല്ലാം അറിയാമെന്ന് ശ്രീ. ജേക്കബ് പറഞ്ഞു. അറിയാ മായിരിക്കും. ഇത് മാനവീയ വർഷമാണ്. മാനവീയത്തിനുവേണ്ടി കോടികൾ ചെലവഴിക്കുന്നത് ഇവിടെ പരാമർശ വിഷയമല്ല. മാനവീയ പരിപാടിയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ തനതായ കലകൾക്കും അനുഷ്ഠാന കലകൾക്കും കലാകാരൻമാർക്കും പ്രോത്സാഹനം നൽകേണ്ട പദ്ധതികൾ കൊണ്ടുവരു മെന്ന് മാനവീയ പരിപാടി അവതരിപ്പിച്ചുകൊണ്ട് അങ്ങുതന്നെ ഈ നിയമ സഭയ്ക്കകത്തും പുറത്തും പറയുന്നു. മാനവീയ വർഷത്തിൽ നിങ്ങൾ കോടി കൾ ചെലവാക്കി. ഹൈ ഫ്ളയിംഗ് കലാകാരൻമാർക്കു മാത്രമാണ് മാനവീയ പരിപാടിയിൽ നിങ്ങൾ അവസരം കൊടുത്തത്. ഈ മാനവീയ വർഷത്തിൽ ബഹുമാനപ്പെട്ട ജേക്കബ് ഇവിടെ ഈ ബിൽ അവതരിപ്പിക്കുമ്പോൾ ഗവൺമെന്റിൽ നിന്ന് ആത്മാർത്ഥമായ ഒരു സഹകരണം ആരാലും ശ്രദ്ധിക്ക പ്പെടാതെ കിടക്കുന്ന ഈ കലാകാരൻമാർക്ക് കൊടുക്കാൻ കഴിയണം. ഈ മാനവീയ പരിപാടികളിൽ നിങ്ങൾ ഇത്തരം കലാകാരൻമാരേയോ കലാകാരി കളേയോ ഒരു സ്ഥലത്തും പ്രോത്സാഹിപ്പിച്ചിട്ടില്ല, നിങ്ങളവരെ കണ്ടെത്തിയി ട്ടുമില്ല. ഞങ്ങൾ നിങ്ങളെ കുറ്റപ്പെടുത്തിയതല്ല. പക്ഷേ അവർക്കുവേണ്ടി മാത്ര മായി മാനവീയത്തിലെ കോടികൾ ചെലവഴിച്ച സാഹചര്യത്തിൽ അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. ഈ ബില്ലിൽ വളരെയധികം സാങ്കേതികത്വമുണ്ട്; പ്രശ്നങ്ങളുണ്ട്. മന്ത്രിക്ക് ഇതിനോട് ആത്മാർത്ഥമായ ഒരു സമീപനമുണ്ടാക ണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഓർമ്മിപ്പിച്ചത്.

ശ്രീ. ടി.എം. ജേക്കബ് : ഇവിടെ ധനകാര്യ മെമ്മോറാണ്ടത്തെക്കുറി ച്ചാണ് പറഞ്ഞത്. അതിൽ പണം കണ്ടെത്തുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. 24 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസലാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ഈ നിയമസഭയിൽ എന്റെ ഒരു ചോദ്യത്തിന് ഉത്തരം നൽകിയിട്ടുണ്ട്. ഈ മാനവീയ പരിപാടിക്കുവേണ്ടി ഇതുവരെ കോടികളാണ് ചെലവാക്കിയിട്ടു ള്ളത്. ഇത്രയും പണം ചെലവാക്കുമ്പോൾ, ഒരുനല്ല നിയമം കൊണ്ടുവന്ന്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിലെ കുറച്ച് കലാകാരൻമാരെക്കൂടി രക്ഷിക്കാൻ കഴിഞ്ഞാൽ അത് ഒരു ക്രെഡിറ്റ് തന്നെയാണ്.

ശ്രീ. പി. വിശ്വൻ : നമ്മുടെ അമ്പലങ്ങളിലെ കോമരങ്ങൾ Roman oracles - നെപ്പോലെ പാടാറും പ്രവചിക്കാറുമുണ്ട്. അവരും ഈ പട്ടിക യിൽവരുമോ? അവരേയും ഈ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുമോ?

ശ്രീ. ടി.എം. ജേക്കബ് : അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഈ ബിൽ ഒരു സ്വകാര്യ ബില്ലായി കൊണ്ടുവരാൻ കാരണം ഇതൊരു സധാരണ ബില്ലാകട്ടെ എന്നുള്ളതുകൊണ്ടല്ല. ഇതിന് അർഹിക്കുന്ന ഗൗരവം നമ്മൾ കൊടുക്കണമെന്നുള്ളതുകൊണ്ടുതന്നെയാണ്. പുരാണ പാരായണവു മായി ബന്ധപ്പെട്ട് ആദ്യം ആ പേരു പറഞ്ഞപ്പോൾ തന്നെ ഇതിനൊരു ശാസ്ത്രീയ വശമുണ്ട്, ഇതൊരു ശാസ്ത്രീയ കലയാണ്. പരമ്പരാഗതമായി ട്ടുള്ള പൂർവ്വികമായിട്ടുള്ള ചില ആചാരങ്ങൾ നിലനിന്നുപോകുന്ന ഒരു കല യാണ്. അതിനെയാണല്ലോ പാരമ്പര്യമെന്നു പറഞ്ഞത്. മഹത്തായ ഒരു പാര മ്പര്യം നമ്മുടെ ഭാരതത്തിനുണ്ട്. ഭാരതത്തിന്റെ മഹത്തായ പാരമ്പര്യത്തിൽ വളരെ വലിയൊരു പങ്ക് വഹിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. അക്കാര്യം നമുക്ക് അഭിമാനത്തോടുകൂടി ഇവിടെ എടുത്തുപറയാൻ കഴിയും. അങ്ങനെ യുള്ള ആചാരക്രമങ്ങൾ ഏതു മേഖലയിലാണെങ്കിലും അതിൽ ഹൈന്ദവ-ക്രൈസ്തവ-മുസ്ലീം വ്യത്യാസമില്ലാതെ, അവരെ മാറ്റി നിർത്താതെ നമ്മുടെ രാജ്യത്തിലെ തനതായ സംസ്ക്കാരങ്ങളെ, കലകളെ അതുമായി ബന്ധപ്പെട്ട കാര്യങ്ങളെ നാം പ്രോൽസാഹിപ്പിക്കണം. അതിന് നമുക്ക് കഴിയണം. അതു കൊണ്ടാണ് ഞാൻ പുരാണ പാരായണമെന്ന് പറയുന്നത്. ഇതൊരു ശാസ്ത്രീ യമ കലയായിട്ട് കാണാൻ നമുക്ക് കഴിയണം. ഇതൊരു അനുഷ്ഠാനമാണ്. അനുഷ്ഠാനത്തോടൊപ്പം തന്നെ ഇത് ഒരു ജീവിത മാർഗ്ഗമായി കാണുന്ന ആളുകളുമുണ്ട്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന, ജീവിക്കാൻ മാർഗ്ഗമി ല്ലാതെ കഴിയുന്ന ഒട്ടേറെ ആളുകളുണ്ട്, അവർ മുന്നോക്കക്കാരാണ്. മറ്റ് പല ആനുകൂല്യങ്ങളും ഈ പാവങ്ങൾക്ക് കിട്ടാനുള്ള സൗകര്യമില്ല. ജീവിതാന്ത്യം വരെ പാടാൻ വിധിക്കപ്പെട്ട ഇവർക്ക് 50 വയസ്സ് എന്നുള്ളത് ഒരുപരിധിയായി നിർദ്ദേശിക്കണം. ഞാൻ ഈ സെക്ഷനിലെ ആളുകളുമായി നിരന്തരം ഇക്കാ ര്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, പാരായണം നടത്തുന്നതിനുവേണ്ടിവരുന്ന സ്ട്രെയിനിനെക്കുറിച്ചൊക്കെ വിശ ദമായി അവർ പറഞ്ഞു. പാടുമ്പോൾ അവർ ശ്വാസം പിടിച്ചാണ് പാടുന്നത്. തുടർച്ചയായി പാരായണംചെയ്യുന്ന ഒരു വ്യക്തിക്കുണ്ടാകുന്ന ആരോഗ്യകര മായ പ്രശ്നങ്ങൾ വളരെ വലുതാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഇവരെ സാമൂഹിക സാംസ്കാരിക രംഗത്ത് സംരക്ഷിക്കേണ്ടതാവശ്യമാണ്. സാംസ്കാരിക പുതുമ നഷ്ടപ്പെടാതെ പുരാണ ഗ്രന്ഥങ്ങളേയും തനതു കല കളേയും കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും അവതരി പ്പിക്കുന്നതിനും വഴിയൊരുക്കുന്ന ഒരു വിഭാഗമാണ് ഇവരെന്നുള്ളതുകൊ ണ്ടാണ് ഇവർക്കുവേണ്ടി ഒരു ബിൽ കൊണ്ടുവന്നത്. ക്ഷേമനിധിയില്ലാത്ത ഒരു വിഭാഗം വേറെ ഉണ്ടെന്ന് തോന്നുന്നില്ല. കേരളനിയമസഭ ധാരാളം ക്ഷേമനിധി ബില്ലുകൾ പാസ്സാക്കിയിട്ടുണ്ട്. സോഷ്യൽ റീഫോംസിൽ ഒരുപാട് മാറ്റങ്ങളു ണ്ടാക്കിയ സംസ്ഥാനമാണ് കേരളം. ഇതുവരേയും ഒരു ക്ഷേമനിധിയും രൂപീ കരിച്ചിട്ടില്ലാത്ത ഒരു വിഭാഗമുണ്ടെങ്കിൽ അത് പുരാണ പാരായണ കലാകാ രൻമാരാണ്. ഈ പാവപ്പെട്ടവർക്ക് ഒരു രാഷ്ട്രീയ കക്ഷിയുടെയും പിന്തുണ യില്ല. ഞാൻ ഈ ബിൽ കൊണ്ടുവരാൻ കാരണം ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്തു തുടങ്ങിയപ്പോൾ ഇവരുടെ ബുദ്ധിമുട്ടുകളൊക്കെ നേരിട്ടു കണ്ട് മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടാണ്. രണ്ട് വർഷം മുൻപ്

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ തയ്യാറാക്കി ഈ സഭയിൽ കൊണ്ടുവന്നതാണ്. രണ്ടു വർഷം കഴിഞ്ഞപ്പോഴാണ് സഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു സമീപനം സ്വീകരിച്ച് അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻവേണ്ടി ഈ ബിൽ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, പുരാണ പാരായണക്കാരോട് ഇത്രയും പ്രത്യേക താൽപ്പര്യം ശ്രീ. ജേക്കബ് കാണിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഞാനും പുരാണ പാരായണം നടത്തിയിട്ടുള്ള ആളാണ്. അവരുടെ മെമ്മോറാണ്ടം എനിക്കും മുൻപ് കിട്ടിയിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് അപേക്ഷിച്ചാൽ നിങ്ങൾക്കും ആനുകൂല്യങ്ങൾ കിട്ടുമെന്ന് ഞാൻ അവരോട് പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവശ കലാകാരൻമാർക്കുള്ള പെൻഷൻ 400 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : സർ, അവശതയനുഭവിക്കുന്ന കലാകാരൻമാർക്കുള്ള പെൻഷനെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. അത് വളരെ ലിമിറ്റഡാണ്. എല്ലാ അപേക്ഷകരുടേതും പോയിട്ട് മൂന്നിലൊന്ന് അപേക്ഷകർക്ക് പോലും പെൻഷൻ നൽകാൻ പറ്റിയിട്ടില്ല. പുരാണ പാരായണം നടത്തുന്നത്. വർക്കുവേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കാൻ കഴിഞ്ഞാൽ അവർക്കു തന്നെ അതിൽ നിന്നുള്ള ആനുകൂല്യം കിട്ടും. അതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : പ്രത്യേകമായിട്ടൊന്നും രൂപുകരിച്ചിട്ടില്ലെങ്കിലും നിലവിലുള്ള നിയമപ്രകാരം ഇവർക്ക് പെൻഷന് അർഹതയുണ്ട്. പെൻഷൻ കിട്ടുന്നുണ്ട്; അവർ അപേക്ഷിക്കുന്നുമുണ്ട്. കലാകാര പെൻഷൻ 400 രൂപയാക്കി വർദ്ധിപ്പിച്ചതു മാത്രമല്ല, പതിനായിരം രൂപവരെ കലാകാരൻമാരുടെ ചികിത്സാ സഹായത്തിനുവേണ്ടി നൽകുന്ന പുതിയൊരു പദ്ധതിയും കൊണ്ടുവന്നിട്ടുണ്ട്. ആ പദ്ധതിയനുസരിച്ചും കലാകാരൻമാരെ സഹായിച്ചിട്ടുണ്ട്. നൃത്തം, കഥകളി, നാടകം, കഥാപ്രസംഗം, ഹരികഥ, ചിത്രകല, ശിൽപകല, ക്ഷേത്രകല തുടങ്ങിയ കലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അവശ കലാകാരൻമാർക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പെൻഷൻ നൽകിവരുന്നുണ്ട്. പുരാണപാരായണം ക്ഷേത്ര കലകളിൽപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ ക്ഷേത്ര കലകളിൽപ്പെടുത്തി പെൻഷൻ കൊടുക്കുന്നുണ്ട്. അതുകൊണ്ട് നിലവിലുള്ള നിയമപ്രകാരം തന്നെ അവർക്ക് അപേക്ഷിക്കാം. അപേക്ഷിച്ചാൽ കൊടുക്കുകയും ചെയ്യും. അപേക്ഷിക്കുന്ന മുഴുവൻ ആളുകൾക്കും കൊടുക്കുമോ എന്നു ചോദിച്ചാൽ 'അപേക്ഷയുള്ളോരു ജനത്തിനെല്ലാം ഉപേക്ഷ കൂടാതെ കൊടുക്കുമീശൻ'..... അതു ദൈവം ചെയ്യേണ്ട പണിയാണ്. അതുകൊണ്ട് അവർക്ക് അതിനുവേണ്ടി പ്രത്യേകമായ ഒരു ക്ഷേമപദ്ധതി രൂപീകരിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട അംഗം ഈ പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

മി. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബ്, അങ്ങയുടെ 1998-ലെ കേരള പുരാണ പാരായണ ശാസ്ത്രീയ ലളിത കലാകാര ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പ്രമേയം പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

(3) 1997-ലെ കേരള സ്വകാര്യ ആശുപത്രി (നിയന്ത്രണ ബോർഡ്) ബിൽ†

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സ്പീക്കർ സർ, 1997-ലെ കേരള സ്വകാര്യ ആശുപത്രി (നിയന്ത്രണ ബോർഡ്) ബിൽ ഞാൻ ഈ സഭയിൽ നേരത്തേ അവതരിപ്പിച്ചതാണ്. ആഗോളവൽക്കരണവും ഉദാരവൽക്കരണവും സ്വകാരയ വൽക്കരണവുമൊക്കെ നമ്മുടെ മുദ്രാവാക്യമായി മാറിയ ഒരു കാല ഘട്ടത്തിലാണ് നാം മുന്നോട്ടുപോകുന്നത്. ഈ സാഹചര്യത്തിൽ ഒരു സ്വകാര്യ സംരംഭത്തിനെതിരായിട്ടുള്ള ഒരു നീക്കമായി ഇതിനെ കാണേണ്ട തില്ല എന്നാണ് എന്റെ അഭിപ്രായം. സ്വകാര്യ ആശുപത്രിക്ക് പൂർണ്ണമായും എതിരായതുകൊണ്ടല്ല. ഈ രംഗത്ത് ചില നിയന്ത്രണങ്ങൾ അനിവാര്യമാ ണെന്ന ബോധ്യമാണ് ഈ ബിൽ ഈ സഭയിൽകൊണ്ടുവരാൻ എന്നെ പ്രേരി പ്പിച്ചത്. ആതുരസേവനം വളരെ മഹത്തായ ഒരു കർമ്മപഥമാണ്. ഉയർന്ന കർമ്മബോധവും ജീവകാരുണ്യ മനോഭാവവുമൊക്കെ നിറഞ്ഞു നിൽക്കുന്ന ഒരു സേവനരംഗമാണിത്. നമ്മുടെ നാട്ടിൽ മിഷണറി പ്രവർത്തനവുമായി വന്നിട്ടുള്ള മഹാൻമാരായിട്ടുള്ള ആളുകൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗ മായി ആതുരസേവന രംഗത്തേയും കാണുകയുണ്ടായി. ലോകം ബഹുമാനി ക്കുന്ന മഹാൻമാരായിട്ടുള്ള പല വ്യക്തികളും, മദർ തെരേസ ഉൾപ്പെടെ ആതുര സേവന രംഗത്ത് നിറഞ്ഞുനിൽക്കുന്ന പ്രതീകങ്ങളാണ്. അത്തരത്തി ലുള്ള ഒരു മേഖലയിൽ ലാഭേച്ഛയോടുകൂടി കച്ചവടക്കണ്ണോടുകൂടി കടന്നുവ രുന്ന ആളുകൾ സൃഷ്ടിക്കുന്ന പ്രശ്നമാണ് ഇത്തരമൊരു നിയമമുണ്ടാക്കണ മെന്ന് ഞാൻ പറയുവാൻ കാരണം. മറ്റേതൊരു സേവന മേഖലയിലുമെന്ന പോലെ ചികിൽസാ രംഗത്തും സ്വകാര്യ സംരംഭകരുടെ കടന്നുകയറ്റം കേരള ത്തിൽ വളരെ കൂടുതലാണ്. സേവനമെന്ന വാക്കിനെ അന്വർത്ഥമാക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും സേവനമെന്ന ആശയത്തെത്തന്നെ തിരസ്ക്കരിക്കുന്ന പ്രവർത്തനങ്ങളാണ് ഭൂരിപക്ഷം സ്വകാര്യ ആശുപത്രികളിലും നിലനിൽക്കുന്നത്. തികച്ചും സാമ്പ ത്തികാധിഷ്ഠിത ചിന്തയോടെ പരമാവധി ലാഭം കൊയ്യുകയെന്നുള്ള വല്ലാത്ത ത്വരയോടെ സ്വകാര്യ ആശുപത്രികൾ നടത്തുന്നവരാണ് ഭൂരിഭാഗവും. സേവ നമെന്ന പദ്മസാരയിൽ പൊതിഞ്ഞ പാഷാണമാണ് മിക്ക സ്ഥാപനങ്ങളും. മരുന്നുകളെക്കുറിച്ചും ചികിൽസാ കാര്യങ്ങളെക്കുറിച്ചുമുള്ള പൊതുവായ അജ്ഞതയും ജനങ്ങളുടെ ജീവൻതന്നെ അപകടത്തിലാക്കുന്ന ഭീതിജനക മായ സാഹചര്യവും മുതലെടുത്താണ് ഇവർ ഈ ചൂഷണം നടത്തുന്നത്. എന്ത് നഷ്ടപ്പെട്ടാലും ഞാൻ അകപ്പെട്ടുപോയ രോഗാവസ്ഥയിൽനിന്ന് രക്ഷ പ്പെടുന്നതിനുള്ള വ്യഗ്രതയുമായിട്ടാണ് ഒരു രോഗി ആശുപത്രിയിൽ എത്തു ന്നത്. ഈ സാഹചര്യത്തിൽ രോഗി ചൂഷണത്തെക്കുറിച്ചോ മറ്റെന്തിനെ യെങ്കിലും കുറിച്ചോ ചിന്തിക്കാവുന്ന മാനസികാവസ്ഥയിൽപ്പോലുമല്ല. സർക്കാർ ആശുപത്രികളുടെ കുറവും നിലവാര തകർച്ചയും സ്വകാര്യ ആശു

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

പത്താം കേരള നിയമസഭ

ബിൽ നമ്പർ 128

1998-ലെ കേരള പുരാണ പാരായണ ശാസ്ത്രീയ ലളിത കലാകാര ക്ഷേമനിധി ബിൽ

(ശ്രീ. ടി.എം. ജേക്കബ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 128

1998-ലെ കേരള പുരാണ പാരായണ ശാസ്ത്രീയ ലളിത കലാകാര ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്തിലെ പുരാണപരായണ ശാസ്ത്രീയ-ലളിത കലാകാരന്മാർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക :- കേരള സംസ്ഥാനത്തിലെ പുരാണപാരായണ ശാസ്ത്രീയ ലളിതകലാകാരന്മാർക്കും അനുബന്ധ കലാകാരന്മാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസം നൽകുന്നതിനും പെൻഷൻ നൽകുന്നതിനു വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതിന് അനുബന്ധമായ മറ്റു ചില കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് അനുപേക്ഷണീയമായിരിക്കുകയാൽ:

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽത്തിഒമ്പതാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.-(1) ഈ ആക്ടിന് 1998-ലെ കേരള പുരാണപരായണ ശാസ്ത്രീയ-ലളിത കലാകാര ക്ഷേമനിധി ആക്ട് എന്ന് പേര്.

(2) ഈ ആക്ടിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) സർക്കാർ ഗസറ്റിൽ വിജ്ഞാപനപ്രകാരം നിശ്ചയിക്കുന്ന തീയതിയിൽ ആക്ട് പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.-ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ വിവക്ഷിക്കപ്പെടാത്തപക്ഷം.-

(എ) 'പുരാണപാരായണ ശാസ്ത്രീയ-ലളിത കലാകാരന്മാർ' എന്നാൽ ദേവസ്വ സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങൾ, ഭവനങ്ങൾ, ക്ഷണിക്കപ്പെടുന്ന വേദികൾ തുടങ്ങിയ ഇടങ്ങളിൽ പുരാണപാരായണം, ആദ്ധ്യാത്മിക പ്രഭാഷണം, കഥകളി, സംഗീതം, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, പാഠകം, തോറ്റൻപാട്ട്, ഹരികഥ, അയ്യപ്പൻ തിയ്യാട്ട്, തെയ്യം, നൃത്തം തുടങ്ങിയ എല്ലാ പൗരാണിക കലകൾ (അംഗീകരിച്ചതും, അംഗീകരിക്കപ്പെടേണ്ടതും, പ്രാബല്യത്തിലുള്ളതുമായ) അവതരിപ്പിക്കുന്ന, ഏതൊരു കലാകാരനും എന്നും അർത്ഥമാക്കുന്നു;

(ബി) (1) 'കടുംബം' എന്നാൽ ഭർത്താവ്, ഭാര്യ, അവരുടെ പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവരും;

(2) ഒരു കലാകാരനെ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും സഹാദരങ്ങളും എന്നർത്ഥമാകുന്നു.

(സി) 'കലാകാരൻ' എന്നാൽ തനിക്കുവേണ്ടിയോ, സാമൂഹ്യ സാംസ്കാരിക ബോധവൽക്കരണത്തിനുവേണ്ടിയോ നേരിട്ടോ അല്ലാതെയോ കലാ-സാംസ്ക്കാരിക പ്രസ്ഥാനങ്ങളുടെ നടത്തിപ്പിലെ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

പ്രക്രിയകളോട് ബന്ധപ്പെട്ട ഏതെങ്കിലും കല അവതരിപ്പിക്കുന്നതിനുവേണ്ടി അംഗീകരിച്ചതോ, അംഗീകാരത്തിന് വിധേയമാകുന്നതോ അഭ്യസിച്ചിട്ടുള്ളതും അഭ്യസിക്കുന്നതുമായ ഒന്നോ അതിലധികമോ കലകളെ അവതരിപ്പിക്കുന്ന ഏതെങ്കിലും വ്യക്തി എന്നർത്ഥമാകുന്നു;

(ഡി) 'വ്യക്തി' എന്നതിൽ ഒരു അംഗീകൃത പൗരാണിക കലാ സംഘടനയോ സാംസ്ക്കാരിക സ്ഥാപനമോ ഉൾപ്പെടുന്നതാകുന്നു.

(ഇ) "നിധി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന പുരാണപാരായണ ശാസ്ത്രീയ-ലളിത കലാകാര ക്ഷേമനിധി എന്നർത്ഥമാകുന്നു.

(എഫ്) 'അംഗം' എന്നാൽ നിധിയിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(ജി) 'അംശദാനം' എന്നാൽ 4-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ടതായ പണത്തിന്റെ തുക എന്നർത്ഥമാകുന്നു;

(എച്ച്) 'ബോർഡ്' എന്നാൽ 5-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന 'കേരള പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാകാര ക്ഷേമനിധി ബോർഡ്' എന്നർത്ഥമാകുന്നു;

(ഐ) 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നാൽ 7-ാം വകുപ്പു പ്രകാരം നിയമിക്കപ്പെടുന്ന പ്രധാന ഉദ്യോഗസ്ഥൻ എന്നാകുന്നു;

(ജെ) 'തീരുമാനിക്കപ്പെട്ടത്' എന്നാൽ ഈ ആക്ടിലെ വകുപ്പു പ്രകാരമോ ഈ ആക്ടിന് വിധേയമായി ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെ റൂൾ പ്രകാരമോ തീരുമാനിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(കെ) 'കലാ പ്രസ്ഥാനം' എന്നാൽ അംഗീകരിച്ചതോ പൗരാണിക കലാപരിപാടികൾ നടത്തിവരുന്നതോ, പൗരാണിക ബോധവൽക്കരണം നടത്തുന്ന സമിതികളോ ഈ ആക്ട് പ്രകാരം അംഗീകരിച്ചതായി കരുതപ്പെടുന്നതോ ആയ ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

3. <u>കേരള പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാകാരക്ഷേമ നിധി.-</u>

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ക്ലാസിക്കൽ കലാകാരൻമാരുടേയും ലളിത കലാകാരന്മാരുടേയും അനുബന്ധ പൗരാണിക കലാകരന്മാരുടേയും അവരുടെ കുടുംബത്തിന്റേയും ക്ഷേമത്തിനായി ഈ ആക്ടിലെ വകുപ്പുകൾ പ്രകാരം ഒരു നിധി സ്വരൂപിക്കുന്നതിനുവേണ്ടി 'കേരള പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാകാരക്ഷേമനിധി' എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കേണ്ടതും അതിനുശേഷം കഴിയുന്നത്രവേഗം ചട്ടപ്രകാരം നിധി സ്വരൂപിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെപറയുന്ന വരവുകൾ ഉൾക്കൊള്ളുന്നതാകുന്നു.

(എ) 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദാനങ്ങൾ.

(ബി) 8-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുക.

(സി) ഭാരത സർക്കാരോ, സംസ്ഥാന സർക്കാരോ, ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റ്, വായ്പ, മുൻകൂറുകൾ, മറ്റു തുകകൾ തുടങ്ങിയവ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബോർഡ്, സർക്കാരിന്റെ മുൻകൂട്ടി വാങ്ങിയ അനുമതിയോടെ ശേഖരിക്കുന്ന തുക.

(3) നിധി 6-ാം വകുപ്പുപ്രകാരം, രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണ നിർവ്വഹണം നടത്തുന്നതു മാണ്.

(4) നിധി താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യ ങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. അതായത്.-

(എ) (1) അവശതകാരണം ജോലി ചെയ്യുന്നതിന് കഴിവില്ലാതാകു കയോ അമ്പത് വയസ് കഴിഞ്ഞിരിക്കുകയോ ചെയ്യുന്ന ഒരംഗത്തിന് ആശ്വാസം നൽകുന്നതിന്;

(2) തനതു കലകൾപോഷിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും അഭ്യസിക്കുന്നതിനും അവതിപ്പിക്കുന്നതിനും മറ്റു അംഗീകരിക്കപ്പെട്ട ദേശീയ കലകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും പ്രഭാഷണങ്ങൾ നട ത്തുന്നതിനും കലാലയങ്ങൾ, വിദ്യാപീഠം, സംസ്കൃത പാഠശാലകൾ മുതലാ യവ സ്ഥാപിക്കുന്നതിന്;

(3) പുരാണ ഗ്രന്ഥങ്ങൾ പ്രിന്റ് ചെയ്യുന്നതിന് അച്ചടിശാലകൾ സ്ഥാപിക്കുന്നതിന്, ആതുരശുശ്രൂഷാലയങ്ങൾ സ്ഥാപിക്കുന്നതിന്;

(4) പൗരാണിക കലാ പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്;

(5) ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് കലാകാരൻ ആയിരുന്നിരിക്കുകയും അമ്പത് വയസ് കഴിഞ്ഞിരിക്കുകയും സ്ഥായിയായ അവശത അനുഭവിക്കുകയോ തൊഴിലില്ലാതിരിക്കുകയോ ചെയ്യുന്ന ആളിന് പെൻഷൻ നൽകുന്നതിന്.

(ബി) കുടുംബ പെൻഷൻ നൽകുന്നതിന്.

(സി) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പ ത്തിക സഹായം നൽകുന്നതിന്.

(ഡി) പെൺമക്കളുടെ വിവാഹ ചെലവ് നേരിടുന്നതിനോ ഭവന നിർമ്മാണത്തിനോ, അറ്റകുറ്റപ്പണികൾക്കോ അംഗത്തിന് വായ്പ നൽകു ന്നതിന്.

(ഇ) സ്ത്രീ അംഗത്തിന് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്.

(എഫ്) പദ്ധതിയിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന്.

4. നിധിയിലേക്കുള്ള അംശദാനം.-(1) ഓരോ കലാകാരനും ഓരോ മാസവും ഇരുപത് രൂപാ വീതം നിധിയിലേക്ക് അംശദാനം അടയ്ക്കേ ണ്ടതാണ്.

(2) കലാകാരന്മാർ ഒരു വർഷം നൽകിയ അംശദാനത്തിന്റെ രണ്ടി ലൊന്ന് തുക ഗ്രാന്റായി ഓരോ വർഷവും സർക്കാർ നിധിയിലേക്ക് നൽകേണ്ട താണ്.

(3) അംശദാനം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ ബോർഡ് അധികാരപ്പെടുത്തുന്ന ബോർഡിലെ ഉദ്യോഗസ്ഥനോ സ്വീകരിക്കാവുന്ന താണ്.

5. ബോർഡ് രൂപീകരണം.-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നവിധം

LIBRARY ARCHIVES Kerala Legislative Assembly

നിധിയുടെ ലക്ഷ്യ ഭരണ നിർവ്വഹണങ്ങൾക്കായി "കേരള പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാകാര ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാകുന്നു.

(2) ബോർഡിന് ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയ നിയമാനുസരണ വ്യക്തിത്വം ഉണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാകുന്നു.

(3) ബോർഡിൽ 12 ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതുമാകുന്നു. ഇപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്നവരിൽ 7 പേർ കലാകാരന്മാരെ പ്രതിനിധീകരിക്കുന്നവരും 5 പേർ സർക്കാരിനെ പ്രതിനിധീകരിക്കുന്നവരുമാകണം.

(4) ബോർഡിലെ അംഗങ്ങളിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാന്റേയും ഡയറക്ടർമാരുടേയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാകുന്നു.

(6) പദ്ധതിയുടെ നിർദ്ദേശിക്കപ്പെട്ട രീതിയിൽ മാത്രം ബോർഡ് നിധിയുടെ ഭരണം നടത്തേണ്ടതാണ്.

6. ഡയറക്ടർമാരുടെ ഉദ്യോഗ കാലാവധി.-(1) 5-ാം വകുപ്പ് 3-ാം ഉപവകുപ്പുപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ഡയറക്ടറുടെ ഔദ്യോഗിക കാലാവധി 5 വർഷമായിരിക്കുന്നതാണ്.

(2) സർക്കാരിന് എപ്പോൾ വേണമെങ്കിലും രേഖാമൂലം ഡയറക്ടർമാരെ നീക്കം ചെയ്യാവുന്നതാണ്. എന്നാൽ അപ്രകാരം നീക്കം ചെയ്യുന്നതിനു മുമ്പായി കാരണം കാണിച്ചുകൊണ്ടുള്ള നോട്ടീസ് കൊടുക്കുകയും എന്നാൽ പൊതുതാൽപ്പര്യം പരിഗണിച്ചു കാരണങ്ങൾ അറിയിക്കുന്നതോ അതിനു മറുപടി നൽകുന്നതിന് അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണം കാണിക്കാതെ തന്നെ ഏതൊരു ഡയറക്ടറേയും ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകികൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

7. ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും നിയമനം.-

സർക്കാരിന് ഈ ആക്ടിനു വിധേയമായി രൂപീകരിക്കപ്പെട്ട ബോർഡിന്റെ കർത്തവ്യ-ചുമതല നിർവ്വഹണങ്ങളിൽ സഹായിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യമെന്നു കരുതുന്ന മറ്റു ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

8. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.- സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ നിർദ്ദേശിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും ബോർഡിന് പദ്ധതി നടത്തിപ്പിന്റെ ആവശ്യത്തിനുവേണ്ടി പണം യഥാവസരങ്ങളിൽ കടം വാങ്ങാവുന്നതാണ്.

9. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.- ഈ ആക്ട് പദ്ധതി പ്രകാരം ഉത്തമ വിശ്വാസത്തോടെ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ ബോർഡിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

10. ബോർഡിന്റെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും വേതനവും.-(1) ബോർഡിന്റെ കണക്കുകൾ ആഡിറ്റു ചെയ്യുന്നതിനായി ആഡിറ്റർമാരെ സർക്കാരെ നിയമിക്കേണ്ടതാണ്.

(2) ബോർഡ് പ്രസ്തുത ആഡിറ്റർമാർക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്.

(3) ബോർഡിന്റെ കണക്കുകൾ നിർബന്ധപൂർവ്വം വർഷത്തിലൊരിക്കൽ ആഡിറ്റർമാരെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാകുന്നു.

11. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റു ചെയ്ത് സ്റ്റേറ്റുമെന്റും.-(1) ബോർഡിന്റെ നിർദ്ദേശപ്രകാരം ബോർഡിന്റെ വാർഷിക റിപ്പോർട്ടു തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് ആഡിറ്റു ചെയ്തു കണക്കുകളുടെ വിവരണങ്ങൾ സഹിതം ഓരോ വർഷവും ജൂലായ് അവസാനത്തിന് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) അവ സർക്കാരിന് കിട്ടിയാലുടൻ തന്നെ സർക്കാർ അവ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

12. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.- (1) സർക്കാരിന് യുക്തമെന്നു തോന്നുന്ന അവസരത്തിൽ ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും ഒരു ആഫീസറെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആഫീസർക്ക് സുഗമമായ അന്വേഷണം നടത്തുന്നതിന് എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തികൊടുക്കേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ എല്ലാ രേഖകളും കണക്കുകളും വിവരങ്ങളും നൽകുന്നതിനും ബോർഡ് ബാദ്ധ്യസ്ഥമാണ്.

13. ബോർഡിനെ ദുർബലപ്പെടുത്തുവാനുള്ള അധികാരം.-(1) താഴെപ്പറയുന്ന ഏതെങ്കിലും ഒരു കാരണത്താലോ ഒന്നിലധികം കാരണങ്ങളാലോ സർക്കാരിന് നിലവിലുള്ള ബോർഡിനെ ദുർബലപ്പെടുത്തി ആറുമാസത്തിൽ കവിയാത്ത കാലയളവിൽ ബോർഡിന്റെ അധികാരം സർക്കാർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനിലോ, ഉദ്യോഗസ്ഥന്മാരിലോ നിക്ഷിപ്തമാക്കാവുന്നതാണ്. അപ്രകാരമുള്ള ഉത്തരവ് ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

(എ) 12-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ;

(ബി) 10-ാം വകുപ്പു പ്രകാരം കണക്കുകൾ ആഡിറ്റ് നടത്താത്തിന്റെ പേരിൽ;

(സി) ബോർഡിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ തുടർച്ചയായി വീഴ്ചവരുത്തിയിട്ടുണ്ടെന്നോ, അധികാരങ്ങൾ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപ്പോൾ;

എന്നാൽ ഈ ഉപ വകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ്, ബോർഡിനെ ദുർബലപ്പെടുത്താതിരിക്കാൻ കാരണം

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുന്നതിന് ബോർഡ് അംഗങ്ങൾക്ക് ന്യായമായൊരു അവസരം സർക്കാർ നൽകേണ്ടതും ബോർഡ് അംഗങ്ങളുടെ വിശദീകരണങ്ങളും ആക്ഷേപങ്ങളും ഉണ്ടെങ്കിൽ അവ സഗൗരവം പരിഗണിക്കേണ്ടതുമാണ്.

(2) 1-ാം ഉപ വകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനെതുടർന്ന്-

(എ) ബോർഡിലെ എല്ലാ അംഗങ്ങളും വിജ്ഞാപന തീയതി മുതൽ തങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിയേണ്ടതും;

(ബി) ബോർഡിന്റേയും അംഗങ്ങളുടേയും എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും വിജ്ഞാപനത്തിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാകുന്നതാണ്;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റു വസ്തുക്കളും ദുർബലപ്പെടുത്തിയിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും ആകുന്നു.

(3) 1-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപനത്തിൽ നിർദ്ദേശിക്കപ്പെട്ട കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് 5-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ സർക്കാർ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണ്.

14. സിവിൽ കോടതികളുടെ അധികാരത്തിന് വിലക്ക്.- ഈ ആക്ടോ പദ്ധതിയോ പ്രകാരമോ അവയ്ക്ക് കീഴായോ സർക്കാരോ, ബോർഡോ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീരുമാനിക്കാനോ കൈകാര്യം ചെയ്യുവാനോ മറ്റോ ആവശ്യപ്പെട്ടിട്ടുള്ള ഏതൊരു സംഗതിക്കും സിവിൽ കോടതികളുടെ അധികാര പരിധിയിൽ വരുന്നവയോ അല്ലാത്തതും സിവിൽ കോടതികളിൽ ചോദ്യം ചെയ്യപ്പെടുവാനോ പാടില്ലാത്തതുമാകുന്നു.

15. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.- സർക്കാരിന് ഗസറ്റു വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, ഈ ആക്ടിലെ വകുപ്പുകളിൽ നിർദ്ദേശിച്ചിരിക്കുന്ന സംഗതികൾക്ക് വിരുദ്ധമല്ലാതെ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഉദ്ദേശ കാരണങ്ങളുടെ വിവരണം

(1) കേരള സംസ്ഥാനത്ത് പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാരംഗത്തു അനേകം കലാകാരന്മാർ പ്രവർത്തിയെടുക്കുന്നു. ഈ തൊഴിൽ കലാകാരന്മാരുടെ ആരോഗ്യപരമായ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നാൽ ഈ കലാകാരന്മാർക്ക് ആശ്വാസം നൽകുന്നതിനോ, ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനോ ഏകീകൃതമായ ഒരു നിയമവുമില്ല. തന്മൂലം നിയമസാധുതയുള്ള ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടത് ആവശ്യമായിത്തീരുന്നു.

(2) മുകളിൽ പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 4-ാം വകുപ്പിന്റെ 2-ാം ഉപ വകുപ്പുപ്രകാരം പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാകാരന്മാർ ഒരു വർഷം നൽകുന്ന അംശദാനത്തിന്റെ രണ്ടിലൊന്ന് ഗ്രാന്റായി ഓരോ വർഷവും സർക്കാർ നൽകേണ്ടതുണ്ട്. കേരളത്തിൽ ഈ രംഗത്ത് ഉദ്ദേശം 20000 കലാകാരന്മാർ പ്രവർത്തിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന് കണക്കാക്കിയിരിക്കുന്നു. അപ്പോൾ കലാകാരന്മാർ ഒരു വർഷം അടയ്ക്കേണ്ട അംശദാനം 48,00,000 രൂപ എന്നു കണക്കാക്കുന്നു. അപ്രകാരം പ്രതിവർഷം സർക്കാർ അടയ്ക്കേണ്ട അംശദാനം ഉദ്ദേശം 24,00.000 രൂപ വരുന്നതാണ്.

എൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിനെ 1-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പുപ്രകാരം സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരത്തക്കവിധം ഗസറ്റു വിജ്ഞാപനം നടത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഈ ആക്ടിന്റെ കീഴിൽ പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാകാര ക്ഷേമനിധി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കുന്നതിന് 3-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് സർക്കാരിനെ ചുമതലപ്പെടുത്തുന്നു.

3. ക്ഷേമനിധിയുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിന് 'കേരള പുരാണ പാരായണ ശാസ്ത്രീയ-ലളിത കലാകാര ക്ഷേമനിധി ബോർഡ്' രൂപീകരിക്കുന്നതിനുള്ള അധികാരം ആക്ടിലെ 5-ാം വകുപ്പ് 1-ാം ഉപവകുപ്പുപ്രകാരം സർക്കാരിനെ ഏൽപ്പിച്ചുകൊടുക്കുന്നു.

4. ബോർഡിന്റെ ചുമതല നിർവ്വഹണത്തിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും മറ്റു ജീവനക്കാരെ നിയമിക്കുന്നതിനും തദ്വാര നിയമനരീതി, ശമ്പളം, ബത്ത, അച്ചടക്കം മറ്റു വ്യവസ്ഥകൾ എന്നിവ നിർദ്ദേശിക്കുന്നതിനും ഉള്ള അധികാരം സർക്കാരിന് 7-ാം വകുപ്പു പ്രകാരം ഏൽപ്പിച്ചുകൊടുക്കുന്നു.

5. 8-ാം വകുപ്പുപ്രകാരം ബോർഡിനു സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി കടം വാങ്ങുന്നതിന് അനുമതി കൊടുക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നു.

6. 12-ാം വകുപ്പ് ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിപ്പിച്ച് റിപ്പോർട്ട് വരുത്തുന്നതിനുള്ള അധികാരം സർക്കാരിന് നൽകിയിരിക്കുന്നു.

7. 13-ാം വകുപ്പുപ്രകാരം ബോർഡിനെ ദുർബലപ്പെടുത്തുന്നതിനുള്ള അധികാരവും തുടർന്ന് ബോർഡിന്റെ എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിന് വിജ്ഞാപന പ്രകാരം ഉദ്യോഗസ്ഥനെയോ, ഉദ്യോഗസ്ഥന്മാരെയോ ഏൽപ്പിക്കുന്നതിനുള്ള അധികാരം 2-ാം ഉപ വകുപ്പുപ്രകാരവും സർക്കാരിനെ ഏൽപ്പിക്കുന്നു. കൂടാതെ ആക്ടിൽ നിർദ്ദേശിക്കപ്പെട്ട കാലയളവിനുശേഷം ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള അവകാശവും 3-ാം ഉപവകുപ്പും പ്രകാരം സർക്കാരിനെ ഏൽപ്പിക്കുന്നു.

8. 15-ാം വകുപ്പുപ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള അധികാരം സർക്കാരിനെ ചുമതലപ്പെടുത്തുന്നു.

9. മേൽ പ്രസ്താവിച്ച കാര്യങ്ങൾ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയാണ്. ആകയാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ടി.എം. ജേക്കബ്, എം.എൽ.എ.

1117/2010.

LIBRARY ARCHIVES Kerala Legislative Assembly